LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമരുന്നുകളുടെ ലിസ്റ്റ്

122 (4408) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആവശ്യ മരുന്നുകളുടെ ലിസ്റ്റ് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മുമ്പ് ലിസ്റ്റിലുണ്ടായിരുന്ന ഏതെല്ലാം മരുന്നുകളെയാണ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഒഴിവാക്കിയ മരുന്നുകൾ ഏതെല്ലാം രോഗങ്ങൾക്ക് പ്രത്യേകം ഉപയോഗിക്കുന്നതാണ് എന്ന് വിശദമാക്കാമോ;

(ഡി) നിലവിലുണ്ടായിരുന്ന ലിസ്റ്റും പുതിയ ലിസ്റ്റും ലഭ്യമാക്കാമോ?

ഉത്തരം

(എ - ഡി) ഓരോ സാമ്പത്തിക വർഷത്തേയ്ക്കുമുള്ള മരുന്നുകൾ സംഭരണ പ്രക്രിയ തുടങ്ങുന്നതിനു മുൻപ് തന്നെ മുൻ വർഷങ്ങളിലെ ആവശ്യകത, ഉപഭോഗം തുടങ്ങിയവ വിലയിരുത്തി മരുന്നുപട്ടികയുടെ അന്തിമ ലിസ്റ്റിൽ വേണ്ട ഭേദഗതി വരുത്താറുണ്ട്. 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്ന് പട്ടിക വിലയിരുത്തുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ (എൻ.ആർ.എച്ച്.എം.), സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, ഗവൺമെന്റ് ഫാർമസ്യൂട്ടിക്കൽ സയൻസ് കോളേജ് വിഭാഗം മേധാവി തുടങ്ങിയവർ ഉൾപ്പെട്ട ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. അന്തിമലിസ്റ്റ് ആയിട്ടില്ല. നിലവിലുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ജീവൻരക്ഷാ മരുന്നുകൾ

123 (4409) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻ രക്ഷാമരുന്നുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന മരുന്നുകളുടെ എണ്ണത്തിൽ കുറവുവരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുറവ് വരുത്താനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത ലിസ്റ്റ് പഴയപടി നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസിൽപ്പെട്ട 348 മരുന്നുകളുടെ വില കേന്ദ്ര സർക്കാർ നിയന്ത്രിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല.

(ബി &സി) ബാധകമല്ല.

കേരളത്തിലെ മരുന്ന് നിർമ്മാണ കമ്പനികൾ

124 (4410) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന മരുന്നുനിർമ്മാണക്കമ്പനികൾ തകർച്ചയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ, അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര മരുന്നുകമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ മരുന്ന് കയറ്റുമതി ചെയ്യാൻ അനുമതിയുള്ള എത്ര കമ്പനികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ സർക്കാർ ആശുപത്രികൾക്കാവശ്യമുള്ളതും, കേരളത്തിലെ കമ്പനികൾ ഉത്പാദിപ്പിക്കുന്നതുമായ മരുന്നുകളെല്ലാം ഇവിടെനിന്നാണോ വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ, വാങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ വിവിധ ജില്ലകളിലായി 85 അലോപ്പതി മരുന്നുനിർമ്മാണ കമ്പനികളും 14 ഹോമിയോപ്പതി മരുന്നുനിർമ്മാണ കമ്പനികളും പൊതുമേഖലയിൽ 3 (KSDP & HOMCO, ഔഷധി) ഔഷധ നിർമ്മാണ കമ്പനികളുമാണ് നിലവിലുള്ളത്. GMP Compliance-ന് അനുസൃതമായ അടിസ്ഥാന സൗകര്യക്കുറവ്, സാമ്പത്തിക ബാധ്യത, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, അന്യസംസ്ഥാന ഉല്പന്നങ്ങളുടെ ആധിക്യം, പുതിയ സാങ്കേതിക വിദ്യകൾക്കായുള്ള സൗകര്യക്കുറവ്, ഗവേഷണത്തിനും വികസനത്തിനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly